98 (536) റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് പണി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അപ്പ്രോച്ച് റോഡുപണി സംബന്ധിച്ച എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ;

(ബി) എന്തടിസ്ഥാനത്തിലാണ് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത്;

(സി) ഇക്കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രതീക്ഷിച്ച തീയതിക്ക് അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കാൻ കഴിയുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്രതീക്ഷിതമായി പാറ കൂടുതൽ പൊട്ടിക്കേണ്ടി വന്നതു കൊണ്ട് എസ്റ്റിമേറ്റ് അതനുസരിച്ച് റിവൈസ് ചെയ്യേണ്ടി വന്നു.

(സി) റിവൈസ് എസ്റ്റിമേറ്റ് ചീഫ് എൻജിനിയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ഡി) പരമാവധി ശ്രമിച്ചു വരികയാണ്.

99 (538) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ നിർമ്മാണം

ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഉടൻ അനുമതി നൽകാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സ് കെട്ടിടത്തിന്റെ എ,സി,ഡി ബ്ലോക്കുകളുടെ കോൺക്രീറ്റ് തൂണുകൾ ബീം എന്നിവയുടെ റൂഫ് സ്ലാബ് വരെ പണികഴിഞ്ഞു. ബി, ഇ എന്നീ ബ്ലോക്കുകളുടെ കോൺക്രീറ്റ് 4-ാം നിലവരെ ചെയ്തു. പ്രവൃത്തി നല്ല പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly